LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കുന്നതിനായി 20-10-2008-ലെ സ.ഉ.(സാധാ.) നമ്പർ 1734/2008/പൊ.ഭ.വ. പ്രകാരം 3.95 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിർത്തി നിർണ്ണയിച്ചിട്ടുള്ള കല്ലിടീൽ (പെഗ്മാർക്കിംഗ്) പ്രവർത്തനം പൂർത്തീകരിച്ച് ഭൂമി ഏറ്റെടുക്കുന്ന നടപടി നടന്നുവരുന്നു.

(ബി) സാമൂഹിക സാമ്പത്തിക ആഘാത പഠനത്തിന്റെയും പൊതുജന സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് 20-12-2014-ൽ ലഭ്യമായിട്ടുണ്ട്.

(സി-ഇ) സാമൂഹ്യ-സാമ്പത്തിക പരിസ്ഥിതി റിപ്പോർട്ട് പ്രകാരം 4.89 ഹെക്ടർ സ്ഥലം അധികമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്കായി 6.27 കോടി രൂപ ആവശ്യമായിവരും. എന്നാൽ 2013-ലെ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിൽ ഏകദേശം 15 കോടി രൂപ ആവശ്യമായി വരും. മേഞ്ഞാണ്യം, കിഴിഞ്ഞാണ്യം എന്നീ ദേശങ്ങളിലെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക ലഭ്യമാക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടറോട് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ഏറ്റെടുക്കേണ്ട ഭൂമിയിൽ 0.7 ഹെക്ടർ സ്ഥലം പാടശേഖരമാണ്. ആയതിനാൽ 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നിരാക്ഷേപപത്രവും ആവശ്യമായിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ നിർമ്മാണം

304 (1348) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ നിർമ്മാണപ്രവർത്തനം അനിശ്ചിതമായി തടസ്സപ്പെട്ട് കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കാമോ ;

(ഡി) ടി പ്രവൃത്തിയുടെ കരാർ കാലാവധി ഏതു തീയതിവരെയെന്നും സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എത്ര തവണ, ഏതു കാരണത്താലെന്നും വ്യക്തമാക്കാമോ ;

(ഇ) പ്രവൃത്തി ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി 30-4-2015-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) GIDA-യുടെ ഫണ്ട് ഉപയോഗിച്ചാണ് പ്രവൃത്തി നടത്തുന്നത്. GIDA-യിൽ നിന്ന് ഫണ്ട് യഥാസമയം ലഭ്യമാകാത്തതിനാൽ പണി ചെയ്യുവാൻ കോൺട്രാക്ടർ വിമുഖത കാണിക്കുന്നുണ്ട്.

(ഡി) ടി പ്രവൃത്തിയുടെ കരാർ കാലാവധി 2-3-2015 വരെയാണ്. ക്വാറി സമരം മൂലം ഒരു തവണ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ഇ) ആവശ്യമായ ഫണ്ടു ലഭ്യമാക്കാൻ GIDA സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഊർജ്ജിതപ്പെടുത്തുന്നതിന് കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ധർമ്മടം മണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ

305 (1349) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ധർമ്മടം മണ്ഡലത്തിൽ പൊതു മരാമത്ത് വകുപ്പ് പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയും എന്നാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച പ്രവൃത്തികളുടെയും പൂർത്തീകരിച്ച തീയതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly